കോളേജിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പെരിയ വില്ലേജിലാണ് അതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുള്ളത്. സുൽത്താൻ ബത്തേരി മണ്ഡലത്തിൽ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള ആവശ്യകതയും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുംകൂടി പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

10.00 AM]

(3) പലിശയിളവും മൊറട്ടോറിയവും

ശ്രീ. കെ. പി. മോഹനൻ: സർ, ഈ കോവിഡ്-19 കാലഘട്ടത്തിൽ കേരളത്തിലെ ലക്ഷക്കണക്കിന് ഫോട്ടോഗ്രാഫ്-വീഡിയോഗ്രാഫർമാരുടെ പ്രശ്നങ്ങളാണ് ഞാൻ സഭയിൽ ഉന്നയിക്കുന്നത്. നിത്യവരുമാന മാർഗ്ഗത്തിൽ വൻപ്രയാസങ്ങളാണ് ഇവർ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. നമ്മളെയൊക്കെ മറ്റ് ജനങ്ങളിലേയ്ക്ക് എത്തിക്കുന്നത് ഫോട്ടോഗ്രാഫർമാരും വീഡിയോ ഗ്രാഫർമാരുമാണ്. അവർക്ക് ഒരുപാട് വിഷമങ്ങളുണ്ട്. ഈ മഹാമാരിക്കാലത്ത് മരണമടയുന്നവരുടെ മൃതദേഹം ഇൻക്വസ്റ്റ് നടത്തവേ നടപടികൾ പകർത്തുന്ന വീഡിയോ-ഫോട്ടോഗ്രാഫർമാർ അനുഭവിക്കുന്ന പ്രയാസങ്ങൾ വളരെ വലുതാണ്. ഈ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് കോവിഡ് വാക്സിൻ ലഭ്യമാക്കുന്നതിന് മുൻഗണന നൽകുന്നതിന് നടപടിയുണ്ടാകണം. ഫോട്ടോ-വീഡിയോഗ്രാഫിക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് എടുത്തിരിക്കുന്ന വായ്പകൾ പലിശയും കൂട്ടുപലിശയുമായി തിരിച്ചടയ്ക്കാൻ സാധിക്കാത്ത സ്ഥിതിയിലാണ്. ആയതിനാൽ ഈ വായ്പയ്ക്ക് പലിശയും മൊറട്ടോറിയവും നൽകണമെന്നും ഈ മേഖലയിലെ പാവപ്പെട്ട തൊഴിലാളികളെ സംരക്ഷിച്ച് നിലനിർത്തണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, അങ്ങ് നല്ലൊരു ഫോട്ടോഗ്രാഫറാണ്. അങ്ങ് ഉന്നയിച്ച പ്രശ്നങ്ങൾക്കുള്ള വിശദീകരണമാണ് ഞാനിവിടെ നൽകുന്നത്. കോവിഡ്-19 ഒന്നാം തരംഗവും രണ്ടാം തരംഗവും സാമ്പത്തിക മേഖലയ്ക്ക് ഏൽപ്പിച്ചിട്ടുള്ള ആഘാതം വളരെ വലുതാണ്. മിക്കവാറും എല്ലാ മേഖലകളിലും സംസ്ഥാന സർക്കാർ സാധ്യമായ എല്ലാ ഇടപെടലുകളും നടത്തിവരികയാണ്. ഫോട്ടോഗ്രാഫി അനുബന്ധ മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളെ കുറിച്ച് സർക്കാരിന് ബോധ്യമുണ്ട്. ഈ മേഖലയിൽ ജോലിചെയ്യുവരുന്ന തൊഴിലാളികൾക്ക് കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വത്തിന് അർഹതയുണ്ട്. പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിൽനിന്നും ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങൾക്ക് അർഹരാണ്. 2020-ൽ കോവിഡ്-19 ആശ്വാസ ധനസഹായമായി 1,000 രൂപ, ക്വാറന്റൈനിൽ കഴിഞ്ഞവർക്ക് 500 രൂപ, കോവിഡ് ബാധിതർക്ക് 10,000 രൂപ എന്നിവയും അനുവദിച്ചുനൽകിയിട്ടുണ്ട്. തുടർന്ന് 2021-ലും സാമ്പത്തിക സഹായമായി 1,000 രൂപ വീതം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയാണ്. കോവിഡ്-19 രോഗികളുടെ എണ്ണം, ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് എന്നിവ കുറയുന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിവിധ മേഖലകളിൽ നിയന്ത്രണങ്ങളോടെ ഇളവ് നൽകിവരുന്നുണ്ട്. സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പ്രസ്തുത മേഖലയും തുറന്ന് പ്രവർത്തിക്കുന്നതിനുള്ള ഇളവ് അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്. 2020-21-ൽ കോവിഡ്-19 പ്രതിരോധവുമായി ബന്ധപ്പെട്ട് ലോക്ഡൗൺ ഏർപ്പെടുത്തിയതുമൂലം സംസ്ഥാനത്തൊട്ടാകെ മിക്ക സ്ഥാപനങ്ങൾക്കും തുറന്നുപ്രവർത്തിക്കുവാൻ സാധിക്കാതിരുന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വികസന അതോറിറ്റികളുടെയും ഉടമസ്ഥതയിലുള്ളതും ലോക്ഡൗൺ കാരണം തുറക്കാൻ സാധിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് വാടകയിളവ് നൽകുന്നത് സംബന്ധിച്ച് നിബന്ധനകൾക്ക് വിധേയമായി തീരുമാനമെടുക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളെയും വികസന അതോറിറ്റികളെയും അനുവദിച്ചുകൊണ്ട്. 29-6-2020-ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഒരു ഉത്തരവുണ്ട് (1278/2020). കോവിഡ്-19-ന്റെ രണ്ടാം തരംഗം വ്യാപകമായ സാഹചര്യം പരിഗണിച്ച് ആ ഉത്തരവിന്റെ തുടർച്ചയായി, അതിലെ നിബന്ധനകൾക്ക് വിധേയമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വികസന അതോറിറ്റികളുടെയും ഉടമസ്ഥതയിലുള്ളതും ലോക്ഡൗൺ കാരണം തുറക്കാൻ സാധിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് വാടകയിളവ് നൽകുന്നതിന് തീരുമാനം എടുക്കാൻ അവയെ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് 19-5-2021-ൽ ഇറക്കിയിട്ടുണ്ട്. ഫോട്ടോഗ്രാഫി മേഖലയിലുള്ളവർക്ക് കോവിഡ്-19 വാക്സിനേഷന് മുൻഗണന നൽകുന്ന വിഷയം ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

(4) വന്യജീവി ആക്രമണം

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, മലമ്പുഴ നിയോജകമണ്ഡലത്തിൽ ആകെയുള്ള എട്ട് പഞ്ചായത്തുകളിൽ ആറിലും കാട്ടാനകളുടെ ശല്യം രൂക്ഷമായിരിക്കുകയാണ്. ജനവാസ കേന്ദ്രങ്ങളിലൊക്കെ കാട്ടാനകൾ കറങ്ങി നടക്കുകയാണ്. ഇക്കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ 10 വിലപ്പെട്ട ജീവനുകളാണ് പൊലിഞ്ഞത്. വളരെയേറെ കഷ്ടപ്പെട്ടുണ്ടാക്കിയ വിളഞ്ഞ നെൽപ്പാടങ്ങൾ, കൊയ്തെടുത്ത നെല്ല്,